LIBRARY ARCHIVES Kerala Legislative Assembly

പ്രവാസികളായ തൊഴിലാളികൾ

254(4264) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളായ വിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഒഡെപെക്-ൽ വിദേശ തൊഴിൽദാതാക്കളുടെ ആവശ്യപ്രകാരം വരുന്ന ഒഴിവുകൾ ഒഡെപെക്കിന്റെ വെബ് പോർട്ടലായ www.odepc.kerala.gov.in- ൽ ലഭ്യമാണ്. യോഗ്യത, പ്രായം, പ്രവൃത്തി പരിചയം തുടങ്ങിയ മാനദണ്ഡങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത് ഉദ്യോഗാർത്ഥികൾക്ക് സമയപരിധിക്കുള്ളിൽ അപേക്ഷിക്കാവുന്നതാണ്. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തി നാട്ടിലോ, വിദേശത്തോ തൊഴിൽ തേടുന്ന വിദഗ്ധ അർദ്ധ-വിദഗ്ധ പ്രവാസികളെയും തൊഴിൽ നൽകാൻ സന്നദ്ധരായ തൊഴിൽ ദാതാക്കളെയും പരസ്പരം ബന്ധിപ്പിക്കുന്നതിന് നോർക്ക സ്കിൽ റിപ്പോസിറ്ററി പോർട്ടൽ ആരംഭിച്ചു. വിവിധ മേഖലകളിലെ തൊഴിൽദാതാക്കൾക്ക് പ്രസ്തുത പോർട്ടൽ മുഖാന്തരം പ്രവാസികളുടെ തൊഴിൽ വൈദഗ്ധ്യം അനുസരിച്ച് അവർക്കാവശ്യമായ മേഖലകളിൽ തൊഴിൽ ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലാണ് മേൽ പോർട്ടൽ വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) ഇത്തരം തൊഴിലാളികൾക്ക് ഓൺലൈൻ വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എങ്ങനെ രജിസ്റ്റർ ചെയ്യാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ; പ്രായം, പ്രവൃത്തി പരിചയം എന്നിവയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

www.eemployment.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത് 90 ദിവസത്തിനകം അസ്സൽ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാക്കി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്. 14 വയസ്സ് പൂർത്തിയാക്കിയ എല്ലാ ഉദ്യോഗാർത്ഥികൾക്കും അവരുടെ സ്ഥിരം താമസസ്ഥലം ഉൾപ്പെടുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഉയർന്ന പ്രായപരിധി ബാധകമല്ല. വിദേശത്ത് ജോലി ചെയ്തതായി കാണിക്കുന്ന അസ്സൽ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുമ്പോൾ സാധുവും സ്വീകാര്യവുമാണെങ്കിൽ ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരുടെ തൊഴിൽ വൈദഗ്ധ്യം കേരളത്തിലെ തൊഴിൽ മേഖലയിൽ എങ്ങനെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

നിലവിൽ ഇതുസംബന്ധിച്ച പദ്ധതികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

കാറ്ററിംഗ് തൊഴിലാളികൾക്ക് ലൈസൻസും ക്ഷേമനിധിയും

255(4265) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്ററിംഗ് തൊഴിലാളികൾക്ക് ലൈസൻസ്, ക്ഷേമനിധി എന്നിവ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള പാചക തൊഴിലാളി ക്ഷേമപദ്ധതി കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ചിട്ടുള്ളതിനാൽ കാറ്ററിംഗ് തൊഴിലാളികൾക്കായി പ്രത്യേക ക്ഷേമ പദ്ധതി രൂപീകരിക്കേണ്ട ആവശ്യമില്ല. ഒരു പദ്ധതിയിലും അംഗമായിട്ടില്ലാത്ത എല്ലാ കാറ്ററിംഗ് തൊഴിലാളികൾക്കും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. കാറ്ററിംഗ് തൊഴിലാളികൾക്ക് ലൈസൻസ് ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

മറ്റൊരു ക്ഷേമപദ്ധതിയിലും അംഗത്വം നേടിയിട്ടില്ലാത്ത കാറ്ററിംഗ് തൊഴിലാളികൾക്ക് 2-2-2016-ലെ സ.ഉ (അച്ചടി) നമ്പർ 24/2016/തൊഴിൽ പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന അസംഘടിത തൊഴിലാളി സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. അംഗങ്ങളാകുന്ന മുറയ്ക്ക് ടി തൊഴിലാളികൾക്ക് അർഹതയ്ക്കനുസരിച്ച് പദ്ധതി നിഷ്കർഷിക്കുന്ന ആനുകൂല്യങ്ങളായ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം എന്നിവ ലഭിക്കുന്നതാണ്.

ലൈറ്റ് & സൗണ്ട് മേഖലയിലുള്ളവർക്ക് ക്ഷേമനിധി ബോർഡ്

256(4266) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലൈറ്റ് & സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലുടമകൾക്കും തൊഴിലാളികൾക്കുമായി ക്ഷേമനിധി ബോർഡ് നിലവിലുണ്ടോയെന്ന് അറിയിക്കുമോ;